

LIGHTED
TO
LIGHTEN

# വിശുദ്ധകുർബാനയുടെ
# പരസ്യശുശ്രൂഷ

# The Order of the Holy Qurbana


# ഒന്നാം പാഠം

# First Lesson



രണ്ടാം പാഠം

Second Lesson



1. അഹരോൻ അണച്ച ധൂപംപോൽ (Aharon anaccha dhoopam pol)
2. പാവനമാം തിരുനാമത്തിന്നണ.. .. (Paavanamaam thiru naama.. ..)
3. ലോകമൊക്കെയിൽ നല്വരമെത്ര (Lokam-okkeyil nalvaram etthra)
4. ഉന്നതപീഠത്തിൽ സ്തുതിയാലു .. (Unnatha peedatthil stuthiyaal)
5. പരമാർത്ഥിയാം ഹാബേലിന്നാടും (Paramaarthiyaam haabelin.. ..)
6. വെളിവു നിറഞ്ഞ രക്ഷകനേ (Velhivu niranjha rekshakane)
7. ശോഭനിറഞ്ഞൊരാലയത്തിൽ (Zsobha niranjh-oraalayatthil)

പ: അഹറോൻ അണച്ച ധൂപംപോൽ പ്രാർത്ഥന–സ്വീകരിക്ക
നിനുവർ യാചനയതുപോലെ ശുശ്രൂ–ഷകൈക്കൊൾക
കടലിൽ യോനായ്ക്ക–രുളി –യപോൽ –
അടിയാർക്കുത്തരമ–രുളീടുക.

P: Aharon anaccha dhoopam pol praarthana sweekaricka
Ninuvar yaachana athu pole zsuzsroosha kaikolka
Kadalil yonaayck-arulhiya pol
Adiyaarkk-uttharam arulheeduka

പ: പാവനമാം തിരുനാ–മത്തിന്നണയ്ക്കു–ന്ന പ്രാർത്ഥനകൾ
കരുണകളിന്നനുകൂല്യത്തിനായി–ഭവിക്കണമേ–
കരുണാനിധിയാം ദേ–വാ–നീ–
മനോഗുണത്താൽ ദയ–ചെ–യ്യണമേ

P: Paavanamaam thiru naamatthinn-anhackunna praarthanakal
Karunhakalhin anukoolyatthinaayi bhavickanhame
Karunhaa-nidhiyaam dheva nee
Mano-gunhatthaal dhaya cheyyanhame

ശോഭനിറഞ്ഞൊരാലയത്തിൽ (Zsobha niranjh-oraalayatthil)

പ: ലോകമൊക്കെയിൽ നല്വരമെത്ര തൂകി–യിരിക്കുന്നു–
ഈശോദേവാ കൃപകരുണകൾക്കനുദി–നവും സ്തുതി–
നിന്നെ വിളിച്ച നിനുവാ–യരെ
കോപമൊഴിച്ചു നീ–വീല്ലോ

P: Lokam-okkeyil nalvaram etthra thooki-yirickunnu
Eezso dheva krupa karunhakalk-anudhinavum sthuthi
Ninne viliccha ninuvaayare
Kopam ozhicchu nee veendallo

പ: ഉന്നതപീഠത്തിൽ സ്തുതിയാലുയരു–ന്നുന്നതനെ–
വാഴ്ത്തപ്പെട്ടവൾ തൻ മടിയിൽ ഹിതമായ് നീ വസിച്ചല്ലോ
നാനാ ഭാഗങ്ങളിൽ നി–ന്റെ–
സ്വസ്തിയും നിരപ്പും വസിപ്പി–ക്ക.

P: Unnatha peedatthil stuthiyaal uyarunnu-nnathane
Vaazhthapettaval than madiyil hithamaay nee vasicchallo
Nanaa bhaaganghalhil ninte
Swosthiyum nirappum vasippicka

പ: പരമാർത്ഥിയാം ഹാബേലിന്നാടും–നോഹിൻ കാഴ്ചയും–
അബ്രഹാം തൻ ബലിയും കൈക്കൊ ദൈവമേ
മൽ പ്രാർത്ഥന നീ കൈക്കൊു
മമ യാചന നൽകി–ടേ–ണമേ.

P: Paramaarthiyaam haabelinn-aadum nohin kaazcchayum
Abrahaam than beliyum kaikonda dheivame
Mal praartthana nee kai-kkondu
Mama yaachana nalkeedenhame

പ: വെളിവു നിറഞ്ഞ രക്ഷകനേ നിൻ വെളിച്ചംകൊ്
ഇരുൾ വാസികളാം ഞങ്ങളിന്നു വെളിച്ചം–കാണുന്നു–
സ്വർഗ്ഗസ്ഥപിതാ–വിൻ ക–തിരേ
ശോഭിപ്പിക്ക ഞങ്ങളെ–ഇ–ന്ന്.

P: Velhivu niranjha rekshakane nin velhiccham kondu
Irul vaasikalhaam njhanghal innu veliccham kaanhunnu
Sworgastha pithaavin kathire
Zsobhippicka njhanghalhe innu.

പ: ശോഭനിറഞ്ഞോരാലയത്തിൽ വസിക്കു– ന്ന പരിശുദ്ധാ

ജ: നിൻ ദാസരാം ഞങ്ങളുടെ– ദുശ്ചിന്ത ദുർമ്മോഹം
ശമനം ചെയ്‌വതിന്നയ്യോ വിളിക്കുന്നു നിൻനാമത്തെ.

പ: മറിയാമിൽനിന്നു മാംസം ധരിക്കയും യോഹന്നാനോടു
മാമ്മോദീസാ കൈക്കൊള്ളുകയും ചെയ്ത–

P: Zsobha niranjh-oraalayatthil vasickunna parizsuddha

C: Nin dhaasaraam njhanghalude dhuz-chintha dhur-moham
Zsamanam cheyvathinn-ayyo vilhickunnu nin naamatthe

(The Order of the Holy Qurbana)

D: Marriaamil ninnu jedam dharickayum yohannanodu
maamodheesa kaikkollhukayum cheytha-

പ: ഞങ്ങളുടെ കർത്താവേശുമ്ശിഹായേ, ഞങ്ങളുടെമേൽ അനുഗ്രഹം ചൊരിയണമേ.

ജ: സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഏകപുത്രനും വചനവും ആയി – ഞങ്ങളുടെ രാജാവായ കർത്താവേ, നിന്നെ ഞങ്ങൾ പുകഴ്ത്തും. സ്വഭാവപ്രകാരം മരണമില്ലാത്തവനും – തന്റെ കൃപയാൽ സകല മനുഷ്യരുടേയും ജീവനും രക്ഷക്കും വേണ്ടി – വിശുദ്ധ കന്യകമറിയാമ്മിൽനിന്ന് ജഡം ധരിച്ച് ....

P: njhanghalude kartthaav-ezsu mzsihaaye njhanghalhude mel anugraham choriyenhame.

C: Sworgasthanaaya pithaavinte eka putthranum vachanuvum aayi- njhanghalude raajavaaya karthaave, ninne njhangal pukazhthum. Swobhaava prakaaram maranham illaatthavanum- thante krupayaal sakala manushyarudeyum jeevanum rekshackum vendi- vizsuddha kannyaka marriyaamil ninnu jedam dharicchu...

ജ: ഭേദംകൂടാതെ മനുഷ്യപുത്രനായി – ഞങ്ങൾക്കു വേൺടി ക്രൂശിക്കപ്പെട്ട് – തന്റെ മരണത്താൽ ഞങ്ങളുടെ മരണത്തെ ചവിട്ടിക്കോന്നവനും – വിശുദ്ധ ത്രിത്വത്തിൽ ഒരുവനും – തന്റെ പിതാവിനോടും ജീവനുള്ള തന്റെ വിശുദ്ധറൂഹായോടുംകൂടെ – തുല്യമായി വന്ദിക്കപ്പെട്ടു സ്തുതിക്കപ്പെടുന്നവനുമായ – ഞങ്ങളുടെ മ്ശിഹാതമ്പുരാനെ, ഞങ്ങളുടെ എല്ലാവരുടെമേലും കരുണ ചേയ്യേണമേ – ആമേൻ.

C: bhedham koodaathe manushya putthran-aayi- njanghalkku vendi kroozsickapettu- thante maranhatthaal njanghalhude maranhatthe chavitti konnavanum- vizsuddha thrithwatthil oruvanum- thante pithaavinodum jeevan ullha thante vizsuddha rroohaayodum koode- thullyam-aayi vannnickapettu sthuthicka-pedunn-avanum-aaya njhanghalude mizsiha thampuraane- njhanghalhude ellaavarude melum karunha cheyyenhame.Amen

പ: *ദൈവമേ! നീ പരിശുദ്ധനാകുന്നു.

ജ: ബലവാനേ! നീ പരിശുദ്ധനാകുന്നു.

പ: മരണമില്ലാത്തവനേ! നീ പരിശുദ്ധനാകുന്നു.

ജ: ഞങ്ങൾക്കുവേണ്ടി ✝ക്രൂശിക്കപ്പെട്ട മ്ശിഹാ തമ്പുരാനേ! ഞങ്ങളോടു കരുണ ചെയ്യണമേ.

(*ഇപ്രകാരം മൂന്നുപ്രാവശ്യം പട്ടക്കാരന്റെ പിന്നാലെ ചൊല്ലണം)

പ: *കുറിയേലായിസ്സോൻ ജ: കുറിയേലായിസ്സോൻ *(x3)*

P: *Dheivame nee parizsuddhan aakunnu

C: Belavaane nee parizsuddhan aakunnu

P: Maranham illaatthavane nee parizsuddhan aakunnu

C: Njhanghalkku vendi ✝ kroozsickappetta mizsihaa thampuraane nhjanghalhodu karunha cheiyyename.

(*The above is repeated thrice)

P: *Kuriyelaayisson C: Kuriyelaayisson *(x3)*

ശു: നിങ്ങളോട് ഞങ്ങൾ അറിയിച്ചതൊഴികെ– മറ്റൊരുത്തൻ വന്ന് വേറൊരു സുവിശേഷം നിങ്ങളോട് അറിയിക്കുമെങ്കിൽ– അവൻ സ്വർഗ്ഗത്തിൽ നിന്നൊരു ദൂതനായിരുന്നാലും– സഭയിൽനിന്ന് ശപിക്കപ്പെട്ടവനാകട്ടെ എന്നു ഭാഗ്യവാനായ പൗലോസ്ശ്ലീഹാ പറയുന്നു. കാലും എല്ലാഭാഗങ്ങളിൽ നിന്നും പലതരമായ ഉപദേശങ്ങൾ പുറപ്പെടുന്നു. എന്നാൽ ദൈവത്തിന്റെ ഉപദേശത്തിൽ തുടങ്ങി ....

D: Ninghalhodu njhanghal arriyicchath-ozhike mattorutthan vannu verroru suvizsesham ninghalhodu arriyickum-enkil- avan sworggatthil ninnoru dhoothan aayirunnaalum- sabhayil ninnu zsapickappettavan aakatte ennu bhaagyavaan aaya Paulose sleeha parrayunnu. Kandaalum ella bhaaganghalhil ninnum pala-tharam aaya upadhezsanghal purrappedunnu. Ennaal dheivatthinte upadhezsatthil thudanghi ....

ശു: അവസാനിപ്പിക്കുന്നവൻ ഭാഗ്യവാൻ ആകുന്നു.

(അല്ലെങ്കിൽ ഗീതം)

ജ: പൗ– ലോസ് ശ്ലീഹാ ഭാഗ്യവാൻ ചൊല്ലീടുന്നു
നിങ്ങളെ ഞങ്ങളറീച്ചതെന്യേ– മറ്റൊരുവൻ വന്നറിയിച്ചാൽ–
വാനവനെങ്കിലുമാദൂതൻ– താനേൽക്കും സഭയിൻ– ശാ– പം
പലതരമുപദേശങ്ങളഹോ– പാരിൽ മുളച്ചു പരക്കുന്നു–
ദൈവത്തിന്നുപദേശം തൊ– ട്ടവസാനിപ്പിപ്പോൻ– ധ– ന്യൻ.

D: avasaanippickunn-avan bhaagyavaan aakunnu.

(Allengil geetham)

C: Paulose sleehaa bhaagyavaan cholleedunnnu
Ninghale njanghal arreecchathennye mattoruvan vannarriyicchaal
Vaanavan engilum aa dhoothan thaan elkkum sabhayin zsaapam
Pala tharam upadhezsanghal aho paaril mulhacchu parakkunnu
Dheivatthin upadhezsam thott-avasaanippippon dhannyan.

പ: ദൈവമായ കർത്താവേ, ഈ സമയത്ത് തിരുസന്നിധിയിൽ കഴിക്കുന്ന ഞങ്ങളുടെ പ്രാർത്ഥനകളും അപേക്ഷകളും കൈക്കൊള്ളേണമേ. ഞങ്ങളുടെ കർത്താവും ദൈവവുമേ, നിന്റെയും, ദിവ്യന്മാരായ നിന്റെ ശ്ലീഹന്മാരുടെയും, നിന്റെ വിശുദ്ധ സഭയുടെ ശില്പിയും പണിക്കാരനുമായ പൗലോസ് ശ്ലീഹായുടെയും കല്പനകളെ ....

P: Dheivam-aaya kartthaave, ee samayatthu thiru sannidhiyil kazhickunna njhanghalhude praartthanakalhum apekshakalhum kaikkollhenhame. Njhanghalhude kartthaavum dheivavume, ninteyum, dhivyanmaaraaya ninte sleehanmaarudeyum, ninte vizsuddha sabhayude zsilpiyum panhikkaranum aaya Paulose sleehaayudeyum kalppanakalhe ....

പ: വെടിപ്പോടും വിശുദ്ധിയോടുംകൂടെ ആചരിപ്പാൻ എന്നേക്കും ഞങ്ങളെ യോഗ്യതയുള്ളവരാക്കേണമേ.

ജ: ആമേൻ.

ശു: (ഇന്ന) ശ്ലീഹാ (ഇന്നാർക്കു) എഴുതിയ ലേഖനത്തിൽ നിന്നും.

ജ: ശ്ലീഹന്മാരുടെ ഉടയവന്നു സ്തുതി. കർത്താവേ, നിന്റെ വചനങ്ങളെ തിരിച്ചറിയുന്നതിനു ഞങ്ങൾക്കു കൃപ നല്കേണമേ.

P: Vedippodum vizsuddhiyodum koode aacharippaan ennekkum njhanghalhe yogyatha-ullhavar-aakkenhame.

C: Amen

D: (Inna) Sleeha (innaarkku) ezhuthiya lekhanatthil ninnum

C: Sleehanmaarude udayavanu sthuthi. Kartthave ninte vachananghalhe thiricch-arriyunnathinu njhanghalkku krupa nalkenhame.

(ഇവിടെ ശുശ്രൂഷകൻ അതതു ദിവസത്തേക്ക് നിശ്ചയിക്കപ്പെട്ട ലേഖനം വായിക്കുന്നു)

# Epistle



(Ivide zsusrooshakan lekhanam vaayickunnu)

ശു: ഹാലേലുയ്യാ–ഉ–ഹാലേലുയ്യാ! ഹാലേലുയ്യാ– സ്തുതിയാകുന്ന ബലികൾ കർത്താവിനു കഴിപ്പിൻ, കാഴ്ചകൾ എടുത്തു തന്റെ വിശുദ്ധമണ്ഡപങ്ങളിൽ പ്രവേശിച്ച് വിശുദ്ധിയിൻ അലങ്കാരത്തിൽ കർത്താവിനെ വന്നിപ്പിൻ–

ജ: ഹാ– ലേ– ലു– യ്യാ.

പ: ദൈവമായ കർത്താവേ, ദൈവീകമായ നിന്റെ വചനങ്ങളുടെ അറിവ് ഞങ്ങൾക്ക് സൗജന്യം ചെയ്യേണമേ. നിന്റെ വിശുദ്ധ ....

D: Halleluyya oo Halleluyya! Halleluyya- sthuthi aakunna belikal kartthaavinu kazhippin, kaazhchakal edutthu thante vizsuddha mandapanghalil prevezsicchu, vizsuddhiyin alankaaratthil kartthaavine vannippin.

C: Ha- lle- loo- yya

P: Dheivamaaya kartthaave, dheivikamaaya ninte vachananghalude arrivu njhanghalku saujannyam cheyyenhame. Ninte vizsuddha ...

പ: ഏവൻഗേലിയോന്റെ സാരാംശവും നിന്റെ ദിവ്യ ജ്ഞാനങ്ങളുടെ ഐശ്വര്യവും നിന്റെ വിശുദ്ധ റൂഹായുടെ നൽവരവും കൊ് ഞങ്ങളെ നിറയ്ക്കേണമെ. ഞങ്ങൾ സന്തോഷപൂർവ്വം നിന്റെ കല്പനകൾ ആചരിക്കയും, നിന്റെ തിരുഹിതം പരിപൂർണ്ണമായി നിവർത്തിക്കയും ചെയ്‌വാൻ ഞങ്ങൾക്ക് കൃപനല്കേണമെ. നിന്നിൽ നിന്നുള്ള ....

P: Evangeliyonte saaraamzsavum ninte dhivya njhaananghalude aizsaryavum ninte vizsuddha rroohaayude nal varavum kondu njhanghalhe nirrackenhame. Njhanghal santhosha poorvam ninte kalpanakal aacharickayum, ninte thiru hitham paripoornhamaayi nivartthickayum cheivaan njhanghalkku krupa nalkenhame. Ninnil ninnullha ....

പ: അനുഗ്രഹങ്ങൾക്കും കരുണകൾക്കും ഞങ്ങൾ എല്ലായ്പോഴും യോഗ്യതയുള്ളവരായി തീരുകയും ചെയ്യേണമേ. ഹോശോ...

ജ: ആമേൻ

ശു: സഹോദരരേ, നാം അടക്കത്തോടും ഭയത്തോടും വണക്കത്തോടും ശ്രദ്ധിച്ച്, നമ്മുടെ കർത്താവേശുമശ്ഹായുടെ വിശുദ്ധ ഏവൻഗേലിയോനിലെ ദൈവത്തിന്റെ ജീവനുള്ള വചനങ്ങളുടെ അറിയിപ്പിനെ കേൾക്കണം.

P: Anugrahanghalkkum karunhakalkkum njhanghal ellaayppozhum yogyatha ullhavaraayi theerukayum cheyyenhame. Hozso ...

C: Amen

D: Sahodharare naam adakkatthodum bhayatthodum, vanhakkatthodum sreddhicchu, nammude kartthaav-ezsu-mazsihaayude vizsuddha evangeliyonile dheivatthinte jeevanullha vachananghalhude arriyippine kelkkanham.

പ: നിങ്ങൾക്കെല്ലാവർക്കും സമാധാനമുായിരിക്കട്ടെ.
ജ: ദൈവമായ കർത്താവ് നിന്റെ ആത്മവോടുംകൂടെ ഞങ്ങളേയും യോഗ്യതയുള്ളവരാക്കട്ടെ.
പ: ലോകത്തിനു ജീവനും രക്ഷയും പ്രസംഗിക്കുന്ന/അറിയിക്കുന്ന മത്തായി/യോഹന്നാൻ ശ്ലീഹാ *(അല്ലെങ്കിൽ)* മർക്കോസ്/ലൂക്കോസ് ഏവൻഗേലിസ്ഥൻ എഴുതിയ ജീവൻ നൽകുന്ന ....

P: Ninghalkk-ellaavarkkum samaadhaanam undaayirickate
C: Dheivamaaya kartthaavu ninte aalmaavodu koode njanghaleyum yogyatha ullhavar aakkatte.
P: Lokatthinu jeevanum rekshayum presanghickunna / arriyickunna Matthaayi / Yohannan Sleeha *(or)* Markkose / Lukkose evangelisthan ezhuthiya jeevan nalkunna ....

പ: പ്രസംഗമായ/അറിയിപ്പായ നമ്മുടെ കർത്താവേശുമ്ശിഹായുടെ വിശുദ്ധ ഏവൻഗേലിയോൻ.

ജ: വന്നവനും വരുവാനിരിക്കുന്നവനുമായവൻ വാഴ്ത്തപ്പെട്ടവനാകുന്നു– നമ്മുടെ രക്ഷക്കായ് തന്നെ അയച്ച പിതാവിനു സ്തുതി– തന്റെ അനുഗ്രഹങ്ങൾ നാമെല്ലാവരുടെയുംമേൽ എന്നേക്കും ഉായിരിക്കട്ടെ.

P: Presangam-aaya / arriyipp-aaya nammude kartthav-ezsu mizsihaayude vizuddha evangeliyon.

C: Vannavanum varuvaan-irickunn-avanum aayavan vaazhthapettavan aakunnu. Nammude rekshackaai thanne ayachha pithaavinu sthuthi. Thante anugrahanghal naam ellaavarudeyum mel ennekum undaayirickatte.

പ: വിശുദ്ധ കന്യകമറിയാമിൽ നിന്നു ജഡം എടുത്ത ദൈവമായി, ജീവന്റെ വചനമായി, നമ്മുടെ കർത്താവും ദൈവവും രക്ഷിതാവും ആയിരിക്കുന്ന യേശുമ്ശിഹായുടെ ✝ നടപടിയുടെ കാലത്തു ഇപ്രകാരം സംഭവിച്ചു.

ജ: അപ്രകാരം ഞങ്ങൾ വിശ്വസിച്ചു കൊണ്ടാടുന്നു.

P: Vizsuddha kannya marriyaamil ninnu jedam eduttha dheivam-aayi jeevante vachanam-aayi, nammude kartthaavum dheivavum rekshithaavum aayirickunna yezsu mazsihaayude ✝ nadapadiyude kaalatthu ipprekaaram sambhavicchu.

C: Apprekaaram njhanghal vizswasicchu kondaadunnu.

*(ഇവിടെ പട്ടക്കാരൻ ഏവൻഗേലിയോൻ വായിക്കുന്നു)*

 പ: നിങ്ങൾക്കെല്ലാവർക്കും സമാധാനമുായിരിക്കട്ടെ
ജ: നിന്റെ ആത്മവോടു കൂടെയും ഉണ്ടായിരിക്കട്ടെ.

*(ശേഷം പിന്നീടുള്ള ഗാനങ്ങളിൽ ഒന്ന് എല്ലാവരുംകൂടി ചൊല്ലണം)*

*(Ivide pattakkaaran evangeliyon vaayickunnu)*

P: Ninghalk-ellaavarkkum samaadhaanam undaayirickatte
C: Ninte aathmaavodu koodeyum undaayirickatte

*(Zseshom pinneedullha gaananghalhil onnu ellavarum koodi chollanham)*

ദൈവത്തിൻ സുവിശേഷം–വില .. (Dheivatthin suvizsesham, vila ..)

കൃപ തന്നിൽ വളരുന്ന– ആത്മാവിതിൻ (Krupa thannil valharunna)

അതിശയമാം ദാനത്തിൻ–നാഥനാ .. (Athizsayamaam dhaanatthin)

പാപികളെ പരലോകെ–ചേർപ്പാൻ (Paapikalhe paraloke, cherpaan)

രക്ഷകനേ ഈ വചനം–രക്ഷക്കായ് (Rekshakane ee vachanam,)

സത്യാത്മാവേ വന്നീ–ജീവന്റെ (Satthyaathmaave vannee, jeevante)

കർത്താവേ നിന്നോ–ടടുപ്പാൻ വിശ്വ (Kartthaave ninnod-aduppaan)

സുവിശേഷവെളിച്ചം–സകലർക്കും (Suvizsesha velhiccham sakalar ..)

ഉപദേശം ശാസന–ശിക്ഷ, (Upadhezsam zsaasana zsiksha)

നിങ്കലേക്ക് അടുത്തുവരുവാനായി (Ninkalekku adutthu varuvaan ..)

ജ: ദൈവത്തിൻ സുവിശേഷം–വിലമതിയാതുള്ളത്–
ദാനം ഇ–തതിശയം ഗുണമേറിട്ടുള്ളത്–
തേനേക്കാൾ നല്ല രസം–അതിനു് നിശ്ചയം
ഹാലേലുയ്യാ–ഉ ഹാലേലുയ്യാ പുഷ്പമണം–ഒപ്പമല്ല.

C: Dheivatthin suvizsesham, vila mathiyaath-ullhathu
Dhaanam ith-athizsayam, gunham erreett-ullhathu
Thenekkaal nalla resam, athinundu nizchayam
Haalelooyya oo Haalelooyya, pushpa manham oppam-alla

ജ: കൃപ തന്നിൽ വളരുന്ന– ആത്മാവിതിൻ രസമറിയും
ദു:ഖം–പൂാത്മാവും സന്തോഷം പ്രാപിക്കും–
ഇതുമൂലം വിശ്വാസി–മോചനം–നേടുന്നു.
ഹാലേലുയ്യാ–ഉ ഹാലേലുയ്യാ–സ്വർഗ്ഗതലം–മോദിക്കും

C: Krupa thannil valharunna, aalmaavithin resam arriyum
Dhukkam poond-aalmaavum, santhosham praapickum
Ithu moolam vizwaasi, mochanam nedunnu
Haalelooyya oo Haalelooyya, sworga thalam modhickum

ബാറെക്മാർ സ്തൗമൻകാലോ–സ് (Baarrekmaar Sthoumen kaalos)

ജ: അതിശയമാം ദാനത്തിൻ–നാഥനാമീശോയേ–
ഹൃത്തിങ്കൽശോഭിച്ച് ഏവൻഗേലിയോൻ രസത്തേയും–
അതിനുള്ള ബലത്തേയും അടിയാരെ–ഗ്രഹിപ്പിച്ച്
ഹാലേലുയ്യാ–ഉ ഹാലേലുയ്യാ–സുവിശേഷേ–നടത്തണമേ.

C: Athizsayamaam dhaanatthin, naadhanaam eezsoye
Hrutthinkal zhobhichhu, evangeliyon resattheyum
Athinullha belattheyum, adiyaare grahippicchu
Haalelooyya oo Haalelooyya, suvizseshe nadatthenhame

ബാറെക്മാർ സ്തൗമൻകാലോ–സ് (Baarrekmaar Sthoumen kaalos)

ജ: പാപികളെ പരലോകെ–ചേർപ്പാൻ നൽവഴിയായി–
പഴുതറ്റ–സുവിശേഷം–കല്പ്പിച്ച രക്ഷകനേ–
പാപികളാം ഞങ്ങളുടെ മദ്ധ്യേ നീ–എഴുന്നള്ളി
ഹാലേലുയ്യാ–ഉ ഹാലേലുയ്യാ–ഈ വചനം–വിളങ്ങിക്ക.

C: Paapikalhe paraloke, cherpaan nal vazhiyaayi
Pazhuthatta suvizsesham, kalppiccha rekshakane
Paapikalhaam njhanghalhude, maddhye nee ezhunnallhi
Haalelooyya oo Haalelooyya, ee vachanam vilhanghicka

ജ: രക്ഷകനേ ഈ വചനം–രക്ഷക്കായ് ഞങ്ങളുടെ
ഹൃദയേ നീ ഫലിപ്പിച്ച് ഇക്ഷിതിയിൽ നിന്നടിയാർ–
സൂക്ഷ്മതയായ് നടപ്പാനും മോക്ഷത്തിൽ വരുവാനും
ഹാലേലൂയ്യാ–ഉ ഹാലേലൂയ്യാ–നീ കൃപ നൽകീടണമേ.

C: Rekshakane ee vachanam, rekshackaay njhanghalude
Hrudhaye nee phalippicchu, ikshithiyil nin adiyaar
Sookshmathayaay nadappaanum, mokshatthil varuvaanum
Haalelooyya oo Haalelooyya, nee krupa nalkeedaname

ജ: സത്യാത്മാവേ വന്നീ–ജീവന്റെ വചനത്തെ
പാപത്താ–ലിരുളായ ദാസരുടെ ഹൃദയത്തിൽ
ദീപത്തെപ്പോലാക്കി ശോഭിപ്പി–ച്ചടിയാരെ
ഹാലേലുയ്യാ–ഉ ഹാലേലുയ്യാ– സുവിശേഷേ–നടത്തണമേ.

C: Satthyaathmaave vannee, jeevante vachanatthe
Paapatthaal irulhaaya, dhaasarude Hrudhayatthil
Dheepattheppol-aakki, zsobhippicch-adiyaare
Haalelooyya oo Haalelooyya, suvizseshe nadatthenhame

ബാറെക്മാർ സ്തൗമൻകാലോ–സ് (Baarrekmaar Sthoumen kaalos)

ജ: കർത്താവേ നിന്നോ–ടടുപ്പാൻ വിശ്വവെളിച്ചമാം–
സുവിശേഷം നീ– തന്നതിനാൽ സ്തോത്രം
നിന്നറിയിപ്പിൽ നി–ന്നുയിർവചനം കേൾക്കയാൽ നിന്നെ
മഹത്വീകരിപ്പാൻ–യോഗ്യരാക്ക ഞങ്ങളെ.

C: Kartthaave ninnod-aduppaan vizwa velhicchamaam
Suvizsesham nee thannathinaal sthotthram
Nin arriyippil ninnuyir-vachanam kelkkayaal ninne
Mahathveekarippaan yogyaraaka njhanghale.

ബാറെക്മാർ സ്തൗമൻകാലോ–സ് (Baarrekmaar Sthoumen kaalos)

ജ: സുവിശേഷവെളിച്ചം–സകലർക്കും ശോഭിച്ചിടുവാൻ
തന്നവനായ–മഹിമയെഴും രക്ഷകാ–
പാപികളാം ഞങ്ങൾ–അന്ധത നീങ്ങി ശോഭിപ്പാൻ
ഈ സുവിശേഷം–ഫലകരമാക്കിടുക

C: Suvizsesha velhiccham sakalarkkum zsobhicchiduvaan
Thannavanaaya mahima-yezhum rekshaka
Paapikalhaam njhanghal andhatha neenghi zsobhippaan
Ee suvizsesham phalakaram-aakkiduka

ബാറെക്മാർ സ്തൗമൻകാലോ–സ് (Baarrekmaar Sthoumen kaalos)

ജ: ഉപദേശം ശാസന-ശിക്ഷ, നീതിയിലഭ്യാസം
ഈ വചനത്താൽ-അടിയാർക്കു ലഭിപ്പാൻ
കൃപയുള്ളവനായ-പരമ പിതാവേ വേഗം നീ
റൂഹായാലെ-അരുളീടണമെന്നും.

C: Upadhezsam zsaasana zsiksha, neethiyil abhyaasam
Ee vachanatthaal adiyaarkku lebhippaan
Krupa-yullhavanaaya parama pithaave vegam nee
Rroohaayaale arulheedanham-ennum

ജ: നിങ്കലേക്ക് അടുത്തുവരുവാനായി ലോകത്തിന്റെ പ്രകാശമായ ഏവൻഗേലിയോൻ ഞങ്ങൾക്കു തന്നവനായ കർത്താവേ, നിനക്കു സ്തുതി. ഇപ്പോൾ നിന്റെ സുവിശേഷത്തിൽ നിന്നു ഞങ്ങൾ കേട്ടിരിക്കുന്ന ജീവനുള്ള വചനങ്ങൾ നിമിത്തം, നിന്നെ മഹത്വീകരിപ്പാൻ ഞങ്ങളെ യോഗ്യതയുള്ളവരാക്കിത്തീർക്കണമേ

ശു: ബാറെക്മാർ സ്തൗമൻകാലോ–സ്

ജ: കുറിയേലായിസ്സോൻ.

C: Ninkalekku adutthu varuvaanaayi lokatthinte prekaazsam-aaya evangeliyon njhanghalkku thannavan-aaya kartthaave, ninakku sthuthi. Ippol ninte suvizseshatthil ninnu njhanghal kettirickunna jeevan ullha vachananghal nimittham, ninne mahatthwee-karippan njhanghale yogyatha ullhavar aakki theerkkanhame.

D: Baarrekmaar Sthoumen kaalos

C: Kurriye- laayisson

(പ്രമിയോൻ)

പ: നാം എല്ലാവരും പ്രാർത്ഥിച്ചു കർത്താവിനോടു അനുഗ്രഹ– ങ്ങളും കരുണയും അപേക്ഷിക്കണം.

ജ: അനുഗ്രഹിക്കുന്നവനായ കർത്താവേ, ഞങ്ങളെ അനുഗ്രഹിച്ച് ഞങ്ങളെ സഹായിക്കേണമെ.

പ: സ്തുതിയും സ്തോത്രവും, തേജസ്സും പുകഴ്ചയും മാഞ്ഞു പോകാത്ത നല്ല മഹിമയും എല്ലായ്പോഴും നിരന്തരം ....

(Promeon)

P: Naam ellaavarum praartthicchu kartthaavinodu anugrahan- ghalum karunhayum apekshickanham

C: Anugrahickunnavan aaya kartthaave njhanghale anugrahicchu njhanghale sahaayickenhame.

P: Sthuthiyum Sthotthravum thejasum pukazhchayum maanjhu pokaattha nalla mahimayum ellaypozhum nirantharam ....

C:

പ: കരേറ്റുവാൻ ഞങ്ങൾ യോഗ്യതയുള്ളവരായിതീരേണമേ. (പ്രാമ്യോൻ പ്രാർത്ഥന) .. .. .. .. .. ഹോശോ...

ജ: ആമേൻ

പ: നാം എല്ലാവരും പ്രാർത്ഥിച്ചു കർത്താവിനോടു അനുഗ്രഹ– ങ്ങളും കരുണയും അപേക്ഷിക്കണം.

ജ: അനുഗ്രഹിക്കുന്നവനായ കർത്താവേ, ഞങ്ങളെ അനുഗ്രഹിച്ച് ഞങ്ങളെ സഹായിക്കേണമെ.

P: Karettuvaan njhanghal yogyatha ullhavaraayi theerenhame. (Promeon Prayer) .. .. .. .. .. Hozsho....

C: Amen

P: Naam ellaavarum praartthicchu kartthaavinodu anugrahan- ghalum karunhayum apekshickanham

C: Anugrahickunnavan-aaya kartthaave njhanghalhe anugrahicchu njhanghalhe sahaayickenhame.

പ: നീതീകരിക്കുന്നവനും ശുദ്ധീകരിക്കുന്നവനും ക്ഷമിക്കുന്നവനും, ഞങ്ങളുടെ ദോഷങ്ങൾ ഓർക്കാതെവണ്ണം മായിച്ച് ഇല്ലാതാക്കുന്നവനും ആയ ദൈവമായ കർത്താവേ, സംഖ്യയില്ലാതെവണ്ണം പെരുപ്പവും വലിപ്പവുമുള്ള എന്റെ പാപങ്ങളും വിശ്വാസമുള്ള നിന്റെ സർവ്വ ജനത്തിന്റയും പാപങ്ങളും നിന്റെ സ്നേഹകാരുണ്യത്താൽ മായിച്ച് നല്ലവനെ.....

P: Neetheekarickunn-avanum zsuddheekarickunn-avanum kshemickunn-avanum, njhanghalhude dhoshanghal orkkaathe vannham maayichu illaath-aakkunnavanum-aaya dheivam-aaya kartthaave, sankya illaathe-vannham perruppavum valippavum ullha ente paapanghalum vizwaasam ullha ninte sarva jenatthinteyum paapanghalum ninte sneha kaarunhyatthaal maayicchu nallavane ....

പ: ദയതോന്നി ഞങ്ങളെ അനുഗ്രഹിക്കണമേ. ദൈവമായ കർത്താവേ, നിന്റെ കരുണയാൽ ഞങ്ങളേയും ഞങ്ങളുടെ മാതാപിതാക്കളെയും, സഹോദര സഹോദരികളെയും, അദ്ധ്യക്ഷന്മാരെയും മല്പാന്മാരെയും, വിശുദ്ധിയും മഹത്വവുമുള്ള നിന്റെ തിരുസഭയുടെ സന്താനങ്ങളായ സകല വിശ്വാസികളെയും ഓർത്തുകൊള്ളണമേ. ....

P: Dheya thonni nghanghalhe anugrahickanhame. Dheivam-aaya kartthaave, ninte karunhayaal njhanghalheyum njhanghalhude maathaa-pithaakkalheyum, sahodhara-sahodharikalheyum addhyakshanmaareyum malppaanmaareyum vizsuddhiyum mahatthwavum ullha ninte thiru sabhayude santhaananghal-aaya sakala vizwaasikalheyum ortthu kollhanhame. ....

പ: ദൈവമായ കർത്താവേ, ഞങ്ങളുടെ ദേഹങ്ങളെയും ദേഹികളെയും ആശ്വസിപ്പിക്കണമേ. കരുണകളും ദയയുമാകുന്ന മഞ്ഞ് ഞങ്ങളുടെമേൽ പൊഴിക്കണമേ. മഹത്വത്തിന്റെ നാഥനായി, ഞങ്ങളുടെ കർത്താവായ കർത്താവായി, ഞങ്ങളുടെ രാജാവായ മ്ശിഹായെ ഞങ്ങൾക്കു പാപപരിഹാരവും, പാപപരിഹാരകനും നീ ആയിരിക്കണമേ ....

P: Dheivam-aaya kartthaave, njhanghalude dhehanghalheyum dhehikalheyum aazwasippickanhame. Karunhakalhum dheyayum aakunna manjhu njhanghalhude mel pozhickanhame. Mahatthwatthinte naadhan-aayi, njhanghalude kartthaav-aaya kartthaav-aayi, njhanghalude raajaav-aaya mizsihaaye njhanghalkku paapa parihaaravum paapa parihaarakanum nee aayirickanhame ....

പ: കർത്താവേ ഞങ്ങളോടു ഉത്തരമരുളിച്ചെയ്യണമേ. ഞങ്ങളുടെ സഹായത്തിനും തുണയ്ക്കും നീ വന്നു ഞങ്ങളെ രക്ഷിച്ചുകൊള്ളണമേ. ദൈവമേ ഞങ്ങളുടെ പ്രാർത്ഥനകളും അപേക്ഷകളും കൈക്കൊ്, കഠിനതരങ്ങളായ സകല ശിക്ഷകളും, കോപത്തിന്റെ വടികളും നിന്റെ കാരുണ്യത്താൽ ഞങ്ങളിൽനിന്ന് നീക്കിമായിച്ചുകളയണമേ. സമാധാനത്തിന്റെ..

P: Kartthaave njhanghalhodu uttharam arulhi cheyyanhame. Njhanghalhude sahaayatthinum thunhackum nee vannu njanghalhe rekshicchu kollhanhame. Dheivame njhanghalhude praartthanakalhum apekshakalhum kaikkondu kadina-tharanghal aaya sakala zsikshakalhum, kopatthinte vadikalhum ninte kaarunnyatthaal njhanghalhil ninnu maayicchu kalhayanhame. Samaadhaanatthinte ....

പ: മക്കൾക്കുണ്ടാകുന്ന നല്ല അവസാനത്തിനു ഞങ്ങളെ എല്ലാവരേയും യോഗ്യതയുള്ളവരാക്കണമേ. നീ സ്നേഹിക്കുന്നതും നിന്റെ ദൈവത്വത്തിനു ചേർച്ചയുള്ളതും പ്രസാദമുള്ളതും ആയ ക്രിസ്തീയ പൂർണ്ണത ഞങ്ങൾക്കു സൗജന്യം ചെയ്യണമേ. നിനക്കു സ്തുതിയും സ്തോത്രവും എല്ലായ്പോഴും ഞങ്ങൾ കരേറ്റിക്കൊള്ളുന്നു. ഹോശോ....

ജ: ആമേൻ

P: Makkalkk-undaakunna nalla avasaanatthinu njhanghalhe ellavareyum yogyatha ullhavar-aakkaanhame. Nee snehickunn-athum ninte dheivatthwatthinu chercchayullhathum presaadham ullhathum aaya kristheeya poornhatha njhanghalkku saujannyam cheyyanhame. Ninakku sthuthiyum sthotthravum ellaaypozhum njhanghal karetti-kkollhunnu. Hozso ....

C: Amen

പ: (സെദറാ) .. .. .. .. .. .. .. .. .. സ്തുതിയും സ്തോത്രവും എല്ലായ്പ്പോഴും ഞങ്ങൾ കരേറ്റും. ഹോശോ....

ജ: ആമേൻ. കർത്താവ് നിന്റെ ശുശ്രൂഷ കൈക്കൊ് നിന്റെ പ്രാർത്ഥനയാൽ ഞങ്ങളെ സഹായിക്കുമാറാകട്ടെ.

പ: കടങ്ങൾക്കു പരിഹാരവും പാപങ്ങൾക്കു വിമോചനവും എന്നെന്നേക്കും ദൈവത്തിങ്കൽ നിന്നു നാം പ്രാപിക്കുമാറാക.

ജ: ആമേൻ

P: (Sedra) .. .. .. .. .. .. .. .. .. .. .. Sthuthiyum sthotthravum ellaaypozhum njhanghal karettum. Hozso .....

C: Amen. Kartthaavu ninte zsuzsroosha kaikkondu ninte praartthanayaal njhanghalhe sahaayickumaarr-aakatte.

P: Kadanghalku parihaaravum paapanghalku vimochanavum ennennekkum dheivatthinkal ninnu naam praapickumaarraaka.

C: Amen

പ: ബലഹീനരും പാപികളും ആയ നാം ഉത്തരമായീട്ടു പറയണം, പരിശുദ്ധനായ പിതാവ് പരിശുദ്ധനാകുന്നു.

ജ: ആമേൻ

പ: പരിശുദ്ധനായ പുത്രൻ പരിശുദ്ധനാകുന്നു

ജ: ആമേൻ

പ: ജീവനും വിശുദ്ധിയുമുള്ള റൂഹായും പരിശുദ്ധനാകുന്നു.

ജ: ആമേൻ

P: Balaheenarum paapikalhum aaya naam uttharamayeettu parrayanham parizsuddhanaaya pithaavu parizsuddhanaakunnu.

C: Amen

P: Parizsuddhanaaya putthran parizsuddhan aakunnu.

C: Amen

P: Jeevanum vizsuddhiyum ullha roohaayum parizsuddhanaakunnu

C: Amen

ശു: ജ്ഞാനം വിളിച്ചുപറയുന്നു, നാമെല്ലാവരും ഭംഗിയോടെ നിന്നു ബഹുമാനമുള്ള പട്ടക്കാരന്റെ പിന്നാലെ ചൊല്ലണം.

പ: പിതാവായ സർവ്വശക്തനായ–

ജ: ആകാശത്തിന്റെയും ഭൂമിയുടെയും– കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ– സകലത്തിന്റെയും സ്രഷ്ടാവായ– സത്യേക ദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു.

D: Njhaanam vilhicchu parrayunnu, naam ellaavarum bhanghiyode ninnu behumaanam-ullha pattakkaarante pinnaale chollanham.

P: Pithaavaaya Sarva zsakthanaaya--

C: Aakaazsatthinteyum bhoomiyudeyum- kaanhappedunn-avayum kaanhappedaatth-avayum aaya- sakalatthinteyum srishtaavaaya- sathy-eka dheivatthil njhanghal vizwasickunnu.

പ: ദൈവത്തിന്റെ ഏക പുത്രനും–

ജ: സർവ്വലോകങ്ങൾക്കും മുൻപെ പിതാവിൽ നിന്നു ജനിച്ചവനും– പ്രകാശത്തിൽ നിന്നുള്ള പ്രകാശവും– സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും– ജനിച്ചവനും സൃഷ്ടി അല്ലാത്തവനും– തത്വത്തിൽ പിതാവിനോട് ഏകത്വമുള്ളവനും– സകല സൃഷ്ടിക്കും മുഖാന്തരമായവനും ....

P: Dheivatthinte eka putthranum --

C: Sarva lokanghalkkum munpe pithaavil ninnu jenicchavanum- prakaazsatthil ninnullha prakaazsavum- satthya dheivatthil ninnullha satthya dheivavum- jenicchavanum srishti allaatthavanum- thathwatthil pithaavinodu ekathwam ullavanum- sakala srishtickum mukhaantharam aayavanum ....

ജ: മനുഷ്യരായ ഞങ്ങൾക്കും ഞങ്ങളുടെ രക്ഷയ്ക്കുംവേണ്ടി– സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങി– വിശുദ്ധ റൂഹായാൽ കന്യക മറിയാമിൽനിന്നു ജഡം ധരിച്ച് മനുഷ്യനായി– പൊന്തിയോസ് പീലാത്തോസിന്റെ നാളുകളിൽ– ഞങ്ങൾക്കു വേി ക്രൂശിക്കപ്പെട്ട്– കഷ്ടത അനുഭവിച്ച് മരിച്ച് അടക്കപ്പെട്ട്– തിരുഹിതപ്രകാരം മൂന്നാംദിവസം ഉയിർത്തെഴുന്നേറ്റ് ....

C: manushyaraaya njhanghalkum, njhanghalhude rekshackum vendi- sworgatthil ninnum irranghi- vizsuddha-rroohayaal kanyaka marriyaamil ninnu jedam dharicchu manushyanaayi- ponthiyos peelaatthosinte naalhukalhil- njhanghalku vendi kroozsickapettu- kashtatha anubhavicchu maricchu adakkapettu- thiru hitha prekaaram moonnam dhivasam uyartth-ezhunnettu…

ജ: സ്വർഗ്ഗത്തിലേക്ക്കരേറി– തന്റെ പിതാവിന്റെ വലത്തു ഭാഗത്തിരുന്നവനും– അവസനമില്ലാത്ത രാജത്വമുള്ളവനും– ജീവിച്ചിരിക്കുന്നവരേയും മരിച്ചവരേയും വിധിപ്പാൻ– തന്റെ മഹാ പ്രഭാവത്തോടെ ഇനിയും വരുവനിരിക്കുന്നവനുമായ– യേശുമ്ശിഹാ ആയ ഏക കർത്താവിലും ഞങ്ങൾ വിശ്വസിക്കുന്നു.

C: sworgatthilekku karerri- thante pithaavinte valatthu bhaagatth-irunnavanum- avasaanam-illaattha raajathwam-ullhavanum-jeevicchirickunn-avareyum maricchavareyum vidhippaan- thante mahaa prabhaavatthodu iniyum varuvaan-irickunn-avanum-aaya- yezsu mizsiha aaya eka kartthaavilum njhanghal vizwasickunnu.

പ: സകലത്തേയും ജീവിപ്പിക്കുന്ന കർത്താവും–

ജ: പിതാവിൽനിന്നു പുറപ്പെട്ട്– പിതാവിനോടും പുത്രനോടുംകൂടെ വന്ദിക്കപ്പെട്ട് സ്തുതിക്കപ്പെടുന്നവനും– നിബ്യന്മാരും ശ്ലീഹന്മാരും മുഖാന്തരം സംസാരിച്ചവനുമായ– ജീവനും വിശുദ്ധിയുമുള്ള ഏക റൂഹായിലും– കാതോലികവും അപ്പോസ്തോലികവുമായ ഏക വിശുദ്ധ സഭയിലും ഞങ്ങൾ വിശ്വസിക്കുന്നു.

P: Sakalattheyum jeevippickunna Kartthaavum --

C: Pithaavil ninnu purrapettu- pithaavinodum putthranodum koode vannickapettu sthuthickappedunn-avanum- nibyanmaarum sleehanmaarum mukhaantharam samsaaricch-avanum aaya-jeevanum vizsuddhiyum ullha eka rroohaayilum- kaatholikavum apostholikavum aaya eka vizsuddha sabhayilum njhanghal vizwasickunnu.

പ: പാപമോചനത്തിനുള്ള മാമോദീസാ–

ജ: ഒന്നുമാത്രം എന്നു ഞങ്ങൾ ഏറ്റുപറഞ്ഞ്– മരിച്ചവരുടെ ഉയിർത്തെഴുന്നേല്പിനും– വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവനും– ഞങ്ങൾ നോക്കിപ്പാർക്കയുംചെയ്യുന്നു. ആമേൻ.

ശു: ബാറെക്മാർ സ്തൗമൻകാലോ–സ്

ജ: കുറിയേലായിസ്സോൻ

P: Paapa mochanatthin-ullha maamodheesa--

C: Onnu maatthram ennu njanghal ettu parranjhu, maricchavarude uyartth-ezhunnelppinum- varuvaan irickunna lokatthile puthiya jeevanum- njhanghal nokki paarkkayum cheyyunnu. Amen

D: Baarrekmaar Sthoumen-kaalos.

C: Kuriye laayisson

# ജന്മദിന സ്തോത്രം
# വിവാഹവാർഷിക സ്തോത്രം

# Birthday &
# Wedding Anniversary Prayers

# സ്തോത്രക്കാഴ്ച

# Offertory

# പ്രസംഗം

# Sermon

(കുമ്പസാര പ്രാർത്ഥന )

സർവ്വശക്തിയുള്ള ബാവാതമ്പുരനേ– നിനക്കു വിരോധമായും, ലോകത്തെ രക്ഷിപ്പാനായി– തന്റെ കൃപയാൽ– വിശുദ്ധ കന്യക മറിയാമിൽ നിന്ന് ജനിച്ച്– ഞങ്ങൾക്കുവേി കഷ്ടത അനുഭവിച്ചു മരിച്ചു– ഞങ്ങൾക്കു രക്ഷ നൽകിയ മ്ശിഹാ തമ്പുരാനേ– നിനക്കു വിരോധമായും ....

(The Confession Prayer)

Sarva zsakthi ullha baava thampuraane- ninakku virodhamaayum lokatthe rekshippan aayi- thante krupayaal vizsuddha kannyaka marriyaamil ninnu jenicchu- njhanghalku vendi kashtatha anubhavicchu maricchu- njhanghalkku reksha nalkiya mizsihaa thampuraane- ninakku virodham aayum ....

സകലത്തേയും  ജീവിപ്പിക്കുന്നവനും– ആശ്വസിപ്പിച്ച് ശുദ്ധീകരിക്കുന്നവനുമായ– പരിശുദ്ധാത്മാവാം തമ്പുരാനേ– നിനക്കു വിരോധമായും– ഞാൻ ചെയ്തുപോയ സകല പാപങ്ങളെയും– ഏറ്റുപറഞ്ഞു സങ്കടപ്പെടുന്നു. സത്യമായി അനുതപിക്കുന്നവരെ കൈക്കൊള്ളുമെന്നു– നീ ചെയ്തിരിക്കുന്ന വാഗ്ദത്തം ഞാൻ വിശ്വസിച്ച് ....

Sakalattheyum jeevippickunn-avanum- aazwasippicchu zsuddheekarickunn-avanum aaya- prizsuddh-aathmaavaam thampuraane- ninakku virodham aayum- njhaan cheithu poya sakala paapanghalheyum ettu paranjhu sankada-ppedunnu. Satthyamaayi anuthapickunn-avare kaikkolhum ennu- nee cheith-irickunna vaagdhettham njhaan vizwasicchu ....

സകലത്തിലും പിഴച്ചു എന്നു ഞാൻ ഏറ്റു പറയുന്നു. വിചാരത്തിലും– വചനത്തിലും– പ്രവർത്തിയിലും ഞാൻ പിഴച്ചു. നിന്റെ കല്പനകൾ എല്ലാം ഞാൻ ലംഘിച്ചു– നിന്റെ ശിക്ഷയ്ക്കു പാത്രമാകയും ചെയ്തിരിക്കുന്നു. കാരുണ്യവാനും കൃപനിറഞ്ഞവനുമായ കർത്താവേ– ചുങ്കക്കാരനെയും– ആ പാപിയായ സ്ത്രീയേയും ....

Sakalatthilum pizhacchu ennu njhaan ettu parrayunnu. Vichaaratthilum vachanatthilum prevartthiyilum njhaan pizhacchu. Ninte kalppanakal ellaam njhaan lenkicchu- ninte zsikshacku paatthram aakayum cheith-irickunnu. Kaarunnhya-vaanum krupa nirranjhavanum aaya kartthaave- chunkakkaraneyum- aa paapi aaya sthreeyeyum ....

കുരിശിൽ വച്ച് കള്ളനേയും കൈക്കൊ പ്രകാരം– എന്നേയും കൈക്കൊ്– നിന്റെ തിരുവചനത്തിന്റെ തണുപ്പാൽ– എന്നെ ആശ്വസിപ്പിക്കേണമേ. കർത്താവേ– ഞാൻ അനുഭവിക്കുന്ന തിരുശരീരവും തിരുരക്തവും– എനിക്കു ശിക്ഷാവിധിക്കും കുറ്റത്തിന്നും ആയിത്തീരാതെ– ജീവനും രക്ഷക്കും ആക്കിത്തീർക്കണമേ. ആമേൻ.

Kurizsil vecchu kallhaneyum kaikkonda prakaaram- enneyum kaikkondu- ninte thiru vachanatthinte thanhuppaal- enne aazwasippickenhame. Kartthaave- njhaan anubhavickunna thiru zsareeravum thiru rekthavum- enicku zsikshaavidhickum kuttatthinum aayi theeraathe- jeevanum rekshackum aakki theerkkenhame. Amen

പ: സത്യമായി അനുതപിച്ച് തങ്ങളുടെ പപങ്ങളെ ദൈവ സന്നിധിയിൽ ഏറ്റുപറഞ്ഞിരിക്കുന്ന നിങ്ങൾ ഓരോരുത്തരോടും കരുണാ സമ്പന്നനായ ദൈവം മനസ്സലിഞ്ഞ് സകല പാപങ്ങളും ക്ഷമിച്ചിരിക്കുന്നു. തന്നോടുള്ള നിരന്തര കൂട്ടായ്മയിലും പുതുജീവനിലും നിലനില്പാൻ പരിശുദ്ധാത്മാവ് നിങ്ങളെ ശക്തീകരിച്ച് വഴിനടത്തുമാറാകട്ടെ.

ജ: ആമേൻ

P: Satthym-aayi anuthapicchu thanghalhude paapanghalhe dheiva sannidhiyil ettu parranjh-irickunna ninghal ororuttharodum karunhaa-sambannan aaya dheivam manass-alinjhu sakala paapanghalhum kshemicch-irickunnu. Thannodullha niranthara koottaymayilum puthu jeevanilum nila nilppaan parizsuddha-almaavu ninghalhe zsakthikaricchu vazhi nadatthumaarrakatte.

C: Amen

പ: എന്റെ സഹോദരരും പ്രധാനികളുമേ, ഈ ശുശ്രൂഷ കൈക്കൊള്ളപ്പെടുവാനായി എന്നോടുകൂടെ നിങ്ങളും പ്രാർത്ഥിപ്പീൻ.

(ജനം താഴെയുള്ള ഗീതം ചൊല്ലണം)

ജ: കർത്താവേ, നിൻ വാതിലിൽ മുട്ടുന്നു–അടിയങ്ങൾ–
നിന്നാലയം ചേർന്നിന്നു ഞങ്ങളനുഗ്ര–ഹമിരക്കുന്നു–
ഗുണവാനേ, നിൻ സ–ത്യ–ത്താൽ, ശുദ്ധീകരിക്ക നീ ഞങ്ങളെ

P: Ente sahodhararum pradhaanikalhume, ee zsuzsroosha kaikkollha-ppeduvaan-aayi ennodu koode ninghalhum praartthippeen

(The congregation chant together the following)

C: Kartthaave nin vaathilil muttunnu – adiyanghal
Nin aalayam cherninnu njhanghal anugraham irakkunnu
Gunhavaane nin satthyatthaal zsuddheekaricka nee njhanghalhe

പ: കർത്താവേ, ഈ സമയത്ത് പരിപൂർണ്ണമായ സ്നേഹവും ഐക്യമത്യവും സമാധാനവും ഞങ്ങൾക്കു നൽകണമേ. ഞങ്ങൾ നിനക്കും നിന്റെ ഏകപുത്രനും, പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റുവാനായിട്ടു തന്നെ ഹോശോ...

ജ: ആമേൻ

പ: നിങ്ങൾക്കെല്ലാവർക്കും സമാധാനമുായിരിക്കട്ടെ

ജ: നിന്റെ ആത്മവോടു കൂടെയൂം ഉായിരിക്കട്ടെ.

P: Kartthaave, ee samayatthu paripoornham-aaya snehavum aikyamatthyavum samaadhaanavum njhanghalkku nalkanhame. Njanghal ninakkum ninte ekaputhranum parizsuddharoohackum Sthuthiyum sthotthravum karettuvaanaayeettu thanne. Hozso....

C: Amen

P: Ninghalkk-ellaavarkkum samaadhaanam undaayirickatte

C: Ninte aathmaavodu koodeyum undaayirickatte

ശു: നമ്മുടെ ദൈവമായ കർത്താവിന്റെ സ്നേഹത്താൽ പരിശുദ്ധവും ദൈവീകവുമായ ചുംബനംകൊ് നാം എല്ലാവരും തമ്മിൽ തമ്മിൽ സമാധാനം കൊടുക്കണം.

(ഇവിടെ തമ്മിൽതമ്മിൽ കൈകസ്തൂരി കൊടുക്കണം)

ജ: മ്ശിഹാതമ്പുരാന്റെ സ്നേഹവും– സമാധാനവും– സർവ്വദാ–ഞങ്ങളുടെ ഇടയിൽ വസിക്കുമാറാകണമേ.

D: Nammude dheivam-aaya kartthaavinte snehatthaal parizsuddhavum dheivikavum-aaya chumbanam kondu naam ellaavarum thammil thammil samaadhaanam kodukkanham

(The following 'peace' shall be said as each one gives to his neighbor)

C: Mizsihaa thampuraante snehavum samaadhaanavum Sarvadhaa njhanghalhude idayil vasickumaarr-aakanhame.

ശു: സഹോദരരേ, ലഭിച്ചിരിക്കുന്ന ഈ വിശുദ്ധ സമാധാനത്തിനു ശേഷം കരുണയുള്ള കർത്താവിന്റെ മുൻപാകെ നമ്മുടെ തലകളെ നാം വണക്കണം.

ജ: കൃപയുള്ള ഞങ്ങളുടെ കർത്താവും ദൈവവുമേ, തിരു സന്നിധിയിൽ ഞങ്ങളുടെ തലകളെ ഞങ്ങൾ വണക്കുന്നു.

D: Sahodharare, lebhicchirickunna ee viszsuddha samaadhaana-tthinu zsesham karunhayullha kartthavinte munpaake nammude thalakalhe naam vanhakkanham.

C: Krupayullha njhanghalhude kartthaavum dheivavume, thiru sannidhiyil njhanghalhude thalakalhe njhanghal vanhakkunnu.

പ: കർത്താവേ, ശാശ്വതമായ നിന്റെ വാഴ്വുകളാൽ ഞങ്ങളെ എല്ലാവരെയും നീ വാഴ്ത്തണമേ. നിന്റെയും നിന്റെ ഏക പുത്രന്റെയും നിന്റെ വിശുദ്ധ റൂഹായുടെയും തിരുവിഷ്ടം ചെയ്‌വാൻ ഞങ്ങളെ യോഗ്യതയുള്ളവരാക്കുകയും ചെയ്യണമേ. ഹോശോ...

ജ: ആമേൻ

ശു: സഹോദരരേ, നാം എല്ലാവരും ഭംഗിയോടും, ഭയത്തോടും ....

P: Kartthaave, zsazwatham-aaya ninte vaazhvukalhaal njhanghalhe ellaavareyum nee vaazhthanhame. Ninteyum ninte eka putthranteyum ninte vizhuddha rroohaayudeyum thiruvishtam cheyvaan njhanghalhe yogyatha ullhavar aakkukayum cheyyanhame. Hozso ....

C: Amen

D: Sahodharare, naam ellavaarum bhanghiyodum, bhayatthodum ...

ശു: വണക്കത്തോടും, വെടിപ്പോടും, വിശുദ്ധിയോടും, സ്നേഹത്തോടും, അറിവിൽ സത്യവിശ്വാസത്തോടും, ദൈവഭക്തിയോടുംനിന്നു, നമ്മുടെ മുമ്പാകെ വെക്കപ്പെട്ടിരിക്കുന്ന ഈ വിശുദ്ധ കുർബ്ബാനയിൽ സൂക്ഷിക്കണം. സകലത്തിനും ഉടയവനായ പിതാവായ ദൈവത്തിനു കൃപയും സമാധാനവും സ്തോത്രവുമാകുന്ന ബലി, നിരപ്പിലും സമാധാനത്തിലും അണക്കപ്പെടുന്നു.

D: vanhakkatthodum, vedippodum, vizsuddhiyodum, snehatthodum, arrivil satthya vizwaasatthodum dheiva-bhakthiyodum ninnu nammude munpaake veckapett-irickunna ee vizsuddha kurbaanayil sookshickanham. Sakalatthinum udayavan-aaya pithaav-aaya dheivatthinu, krupayum samaadhaanavum sthotthravum aakunna beli, nirappilum samaadhaanatthilum anhackappedunnu.

(ഒന്നാമത്തെ റൂശ്മ)

പ: പിതാവായ ദൈവത്തിന്റെ സ്നേഹവും ☩ ഏകപുത്രന്റെ കൃപയും ☩ പരിശുദ്ധ്റൂഹായുടെ സംസർഗ്ഗവും സഹവാസവും ☩ എനിക്കു പ്രിയമുള്ളവരേ! നിങ്ങളോ– ടെല്ലാവരോടും കൂടെ എന്നേക്കും ഉായിരിക്കട്ടെ.

ജ: നിന്റെ ആത്മാവോടുകൂടെയും ഉായിരിക്കട്ടെ.

(First Blessing)

P: Pithaavaaya dheivatthinte snehavum ☩ eka putthrante krupayum ☩ parizsuddha rroohaayude samsargavum sahavaasavum ☩ enicku priyam ullhavare! Nighalhod-ellaavarodum koode ennekkum undaayirickatte

C: Ninte aathmaavodu koodeyum undaayirickate.

പ: പിതാവായ ദൈവത്തിന്റെ വലത്തുഭാഗത്ത്, മ്ശിഹാതമ്പുരാൻ എഴുന്നെള്ളിയിരിക്കുന്ന ഇടമായ ഉയരത്തിൽ ഈ സമയത്തു, നമ്മുടെ എല്ലാവരുടെയും ബോധങ്ങളും വിചാരങ്ങളും ഹൃദയങ്ങളും ആയിരിക്കണം.

ജ: ദൈവമായ കർത്താവിൽ അവയാകുന്നു.

P: Pithaavaaya dheivatthinte valathu bhaagatthu, mizsihaa-thampuraan ezhunnellhi-yirickunna idamaaya uyaratthil ee samayatthu, nammude ellaavarudeyum bodhanghalhum vichaaranghalhum hrudhayanghalhum aayirickanham.

C: Dheivam aaya kartthaavil ava aakunnu.

പ: പിതാവും പുത്രനും വിശുദ്ധറൂഹായുമായ സത്യേക ദൈവത്തെ വന്ദിക്കുന്നതും സ്തുതിക്കുന്നതും--

ജ: സത്യമായിട്ടു യോഗ്യവും ന്യായവും ആകുന്നു.

പ: കർത്താവേ, തിരുസന്നിധിയിൽ നിന്നുകൊണ്ടു ഇടവിടാതെ നിന്നെ മഹത്വപ്പെടുത്തുന്ന അഗ്നിമയന്മാരുടെ ആയിരം ആയിരങ്ങളോടും പതിനായിരം പതിനായിരങ്ങളോടും കൂടെ സൈന്യങ്ങളുടെ ദൈവമായ കർത്താവ്- പരിശുദ്ധൻ ....

P: Pithaavum putthranum vizsuddha rroohaayum aaya satthyeka dheivatthe vannickunnathum sthuthickunnathum--

C: Satthyam aayittu yogyavum nyaayavum aakunnu.

P: Kartthaave, thiru sannidhiyil ninnu kondu ida-vidaathe ninne mahathwa-ppedutthunna agnimayanmaarude aayiram aayiran-ghalhodum pathinaayiram pathinaayiranghalhodum koode sainnyanghalhude dheivamaaya kartthaavu- parizsuddhan ....

പ: പരിശുദ്ധൻ– പരിശുദ്ധൻ എന്ന് ആർത്തുപാടി സ്തുതിപ്പാൻ ഞങ്ങളെ യോഗ്യതയുള്ളവരാക്കേണമേ. കോയേനാൻ വോമ ...

ജ: ആകാശവും ഭൂമിയും തന്റെ മഹത്വം കൊൺടു നിറഞ്ഞിരിക്കുന്ന ബലവാനായ ദൈവം തമ്പുരാൻ പരിശുദ്ധൻ– പരിശുദ്ധൻ– പരിശുദ്ധൻ– ഉന്നതങ്ങളിൽ സ്തുതി.
കർത്താവിന്റെ തിരുനാമത്തിൽ വന്നവനും വരുവാനിരിക്കുന്ന– വനും വാഴ്ത്തപ്പെട്ടവനാകുന്നു ഉന്നതങ്ങളിൽ സ്തുതി.

P: Parizsuddhan- parizsuddhan ennu aartthu paadi stuthippaan njhanghalhe yogyathayullhavar aakkenhame. Koyenaan voma....

C: Aakaazsavum bhoomiyum thante mahathwam kondu nirranjh-irickunna belavaan aaya dheivam thampuraan- parizsuddhan-parizsuddhan-parizsuddhan unnathanghalhil sthuthi.
Kartthaavinte thiru naamatthil vannavanum varuvaan irickunn-avanum vazhtha-ppettavan aakunnu unnathanghalhil sthuthi.

പ: രക്ഷാകരമായ പീഢാനുഭവത്തിനു താൻ ഒരുങ്ങിയപ്പോൾ തന്റെ വിശുദ്ധ കൈകളിൽ അപ്പം താൻ എടുത്തു.

ജ: കർത്താവേ നീ വാഴ്ത്തേണമേ.

പ: സ്തോത്രം ചെയ്ത് വാഴ്ത്തി ☩ശുദ്ധീകരിച്ച് ☩ ☩ മുറിച്ച് തന്റെ വിശുദ്ധ ശ്ലീഹന്മാർക്ക് കൊടുത്തു "വാങ്ങി ഭക്ഷിപ്പിൻ, ഇതു നിങ്ങൾക്കു വേി നല്കുന്ന എന്റെ ശരീരം, .....

P: Rekshaakaramaaya peeda-anubhavatthinu thaan orunghiyappol thante vizsuddha kaikalhil appam thaan edutthu.

C: Kartthaave, nee vaazhtthenhame

P: Sthotthram cheithu vaazhthi ☩ zsuddheekaricchu ☩ ☩ murricchu thante vizsuddha sleehanmaarkku kodutthu "vaanghi bhakshippin, ithu ninghalkku vendi nalkunna ente zsareeram ....

വ: ഇത് എന്റെ ഓർമ്മക്കായി ചെയ്‌വീൻ” എന്നരുളിച്ചെയ്തു.

ജ: ആമേൻ

വ: അപ്രകാരം തന്നെ കാസായും അവൻ എടുത്തു.

ജ: കർത്താവേ നീ വാഴ്ത്തേണമേ.

വ: സ്തോത്രം ചെയ്ത് വാഴ്ത്തി ✝ശുദ്ധീകരിച്ച് ✝ ✝ തന്റെ വിശുദ്ധശ്ലീഹന്മാർക്ക് കൊടുത്തു “എല്ലാവരും ഇതിൽ നിന്നു ....

P: Ithu ente ormmackaayi cheiveen ennarulhi cheithu.

C: Amen

P: Apprakaaram thanne kaasaayum avan edutthu.

C: Kartthaave nee vaazhthenhame

P: Sthotthram cheithu vaazhthi ✝ zsuddheekaricchu ✝ ✝ thante vizsuddha sleehanmaarkku kodutthu “ellaavarum ithil ninnu ....

പ: കുടിപ്പീൻ, ഇത് അനേകർക്കുവേണ്ടി പാപമോചനത്തിനായി ചൊരിയുന്ന പുതിയ നിയമത്തിലുള്ള എന്റെ രക്തം” എന്നരുളിച്ചെയ്തു.

ജ: ആമേൻ

